2025 APRIL
26
SATURDAY

www.societytodaynews.com
# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# വിപണിയിൽ കനത്ത ഇടിവ്: ജാഗ്രതയോടെ നിക്ഷേപകർ

## ■ നിക്ഷേപകർക്ക് നഷ്ടം 8.5 ലക്ഷം കോടി



**മുംബൈ:** കശ്മീരിലെ ഭീകരണ ആക്രമണത്തെ തുടർന്ന് ജാഗ്രത പാലിച്ച് നിക്ഷേപകർ. വ്യാപാരം ആരംഭിച്ചതിന് പിന്നാലെ സൂചികകളിൽ കനത്ത ഇടിവ് പ്രകടമായി. സെൻസെക്സിന് 80,000 നിലവാരം നഷ്ടമായി. 858 പോയന്റ് ഇടിഞ്ഞ് 78,960ലെത്തി. നിഫ്റ്റിയാകട്ടെ 277 പോയന്റ് നഷ്ടത്തിൽ 23,969ലുമാണ് വ്യാപാരം നടന്നത്.

ഇന്നലത്തെ വ്യാപാരത്തിൽ 8.5 ലക്ഷം കോടി രൂപയാണ് നിക്ഷേപകർക്ക് നഷ്ടം. ബിഎസ്ഇയിൽ ലിസ്റ്റ് ചെയ്ത കമ്പനികളുടെ മൊത്തം വിപണി മൂല്യം 421.13 ലക്ഷം കോടി രൂപയായി.

കശ്മീരിൽ വിനോദ സഞ്ചാരികൾക്ക് നേരെയുണ്ടായ ഭീകരാക്രമണം ഭൗമരാഷ്ട്രീയ സംഘർഷങ്ങൾ വർധിപ്പിച്ചേക്കുമെന്ന ഭീതിയാണ് വിപണിയെ പിടികൂടിയത്. ഐടി, ഓട്ടോ എന്നിവ ഒഴികെയുള്ള സെക്ടറുകൾ നഷ്ടത്തിലായി. നിഫ്റ്റി ബാങ്ക്, ഹെൽത്ത് കെയർ, ഫാർമ, എഫ്എംസിജി എന്നിവ ഒരു ശതമാനംവരെ ഇടിവ് നേരിട്ടു.

ചൈനയുമായുള്ള വ്യാപാര ചർച്ചകൾ പുരോഗമിക്കുകയാണെന്ന് ട്രംപ് വ്യക്തമാക്കിയതോടെ വാൾസ്ട്രീറ്റ് മികച്ച നേട്ടമുണ്ടാക്കി. ചൈനയോടുള്ള വൈറ്റ് ഹൗസിന്റെ നിലപാടിലെ പ്രകടമായ മാറ്റം ഏഷ്യൻ വിപണികളും നേട്ടമാക്കി. ഡോളർ സൂചികയിലും മുന്നേറ്റമുണ്ടായി.

തുടർച്ചയായി ഏഴാമത്തെ ദിവസവും വിദേശ നിക്ഷേപകർ രാജ്യത്തെ വിപണിയിൽ അറ്റവാങ്ങലുകാരായി. ഈ കാലയളവിൽ 8,251 കോടി രൂപയുടെ നിക്ഷേപമാണെത്തിയത്.

ഒപെക് ഉത്പാദനം കൂട്ടാനുള്ള സാധ്യതയും റഷ്യയുക്രെയിൻ വെടിനിർത്തലും അസംസ്കൃത എണ്ണവിലയെ ബാധിച്ചു. ബ്രെന്റ് ക്രൂഡ് വില ബാരലിന് 66.60 ഡോളറിലെത്തി. രാവിലത്തെ വ്യാപാരത്തിൽ രൂപയുടെ മൂല്യത്തിൽ നേരിയ മുന്നേറ്റം പ്രകടമായി. ഡോളറിനെതിരെ മൂല്യം 85.15 നിലവാരത്തിലെത്തുകയും ചെയ്തു.

# പുതു സാമ്പത്തിക വർഷത്തെ ആദ്യ കടമെടുക്കലിലേക്ക് കേരളം



**തിരുവനന്തപുരം:** പുതു സാമ്പത്തിക വർഷത്തെ ആദ്യ കടമെടുക്കലിലേക്ക് കേരളം. റിസർവ് ബാങ്കിന്റെ കോർ ബാങ്കിങ് സൊല്യൂഷനായ ഇകുബേർ മുഖേന കടപ്പത്രങ്ങളിറക്കി 2,000 കോടി രൂപയാണ് കേരളം എടുക്കുന്നത്. 21 വർഷത്തെ തിരിച്ചടവ് കാലാവധിയിലാണ് കേരളം വായ്പ തേടുന്നതെന്നും ഈ മാസം 29നാണ് കടപ്പത്രങ്ങളിറക്കുകയെന്നും റിസർവ് ബാങ്ക് വ്യക്തമാക്കി.

സംസ്ഥാനങ്ങൾ ഇങ്ങനെ കടമെടുക്കുമ്പോൾ പൊതുജനങ്ങൾക്കും ആ നടപടിക്രമങ്ങളിൽ പങ്കാളിയാകാം. ഓഹരി, മ്യൂചൽഫണ്ട് തുടങ്ങിയവ പോലെ ഒരു നിക്ഷേപ മാർഗവുമാണിത്.

നടപ്പുവർഷം ആകെ ഏകദേശം 50,000 കോടി രൂപ വായ്പ എടുക്കാൻ കേരളത്തിന് കഴിയുമെന്നാണ് സൂചനകൾ. എന്നാൽ, ഇക്കാര്യം കേന്ദ്ര ധനമന്ത്രാലയം ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല. കിഫ്ബി ഉൾപ്പെടെയുള്ളവ എടുത്ത വായ്പ, സംസ്ഥാന സർക്കാരിന്റെ വായ്പയായി കണക്കാക്കി കടമെടുപ്പ് പരിധിയിൽ ഈ വർഷവും കേന്ദ്രം വെട്ടിക്കുറയ്ക്കൽ വരുത്തുമോ എന്നും വ്യക്തമല്ല.

കേരളം ഉൾപ്പെടെ 11 സംസ്ഥാനങ്ങളാണ് 29ന് ഇകുബേർ വഴി കടമെടുക്കുന്നത്. സംയോജിതമായി ഇവ എടുക്കുക 24,700 കോടി രൂപ. മഹാരാഷ്ട്രയാണ് 6,500 കോടി രൂപ തേടി ഏറ്റവും മുന്നിൽ. ഹരിയാന (1,000 കോടി), ഹിമാചൽ (1,300 കോടി), പഞ്ചാബ് (2,500 കോടി), രാജസ്ഥാൻ (4,500 കോടി), തമിഴ്നാട് (1,000 കോടി), തെലങ്കാന (1,400 കോടി), ത്രിപുര (500 കോടി), ഉത്തർപ്രദേശ് (3,000 കോടി), ഉത്തരാഖണ്ഡ് (1,000) എന്നിവയാണ് കടമെടുക്കുന്ന മറ്റ് സംസ്ഥാനങ്ങൾ.

# സുരക്ഷാ വാഹനം തകർത്ത് ബിഎൽഎ ആക്രമണം; 10 പാക് സൈനികർ കൊല്ലപ്പെട്ടു

**ഇസ്ലാമാബാദ്:** ബലൂചിസ്ഥാനിലെ ഭീകരാക്രമണത്തിൽ പത്ത് പാക്കിസ്ഥാൻ സൈനികർ കൊല്ലപ്പെട്ടു. ക്വറ്റയിൽ നിന്ന് 30 കിലോമീറ്റർ അകലെ മാർഗറ്റ് ചൗക്കിയിൽ സുരക്ഷാ വാഹനം തകർത്തായിരുന്നു ആക്രമണം. റിമോട്ട് കൺട്രോൾ ഐഇഡി ഉപയോഗിച്ചായിരുന്നു ആക്രമണം.



ബലൂച് ലിബറേഷൻ ആർമി ആക്രമണത്തിന്റെ ഉത്തരവാദിത്തം ഏറ്റെടുത്തു. പാക്കിസ്ഥാൻ സൈന്യത്തിനെതിരായ തങ്ങളുടെ പ്രവർത്തനങ്ങൾ തീവ്രമായി തുടരുമെന്ന് ബലൂച് ലിബറേഷൻ ആർമി പറഞ്ഞു. സുബേദാർ ഷെഹ്സാദ് അമീൻ, നായിബ് സുബേദാർ അബ്ബാസ് തുടങ്ങിയവർ കൊല്ലപ്പെട്ട സൈനികരിൽ ഉൾപ്പെട്ടിട്ടുണ്ട്.

ക്വറ്റയുടെ പ്രാന്തപ്രദേശമായ മാർഗറ്റിൽ റിമോട്ട് കൺട്രോൾ ഐഇഡി ആക്രമണത്തിലൂടെ ബലൂച് ലിബറേഷൻ ആർമി സ്വാതന്ത്ര്യ സമര സേനാനികൾ പാക്കിസ്ഥാൻ സൈന്യത്തിന്റെ ഒരു വാഹനവ്യൂഹത്തെ ലക്ഷ്യം വച്ചു. ഈ ഓപറേഷനിൽ, ഒരു ശത്രു വാഹനം പൂർണമായും നശിപ്പിക്കപ്പെടുകയും വാഹനത്തിലുണ്ടായിരുന്ന 10 സൈനികരെ ഇല്ലാതാക്കുകയും ചെയ്തു. ഈ ആക്രമണത്തിന്റെ ഉത്തരവാദിത്തം ബലൂച് ലിബറേഷൻ ആർമി ഏറ്റെടുക്കുകയും അധിനിവേശ ശത്രു സൈന്യത്തിനെതിരായ ഞങ്ങളുടെ പ്രവർത്തനങ്ങൾ തീവ്രമായി തുടരുമെന്ന് വ്യക്തമാക്കുകയും ചെയ്യുന്നു" ബലൂച് ലിബറേഷൻ ആർമി പ്രസ്താവനയിൽ പറഞ്ഞു.





# എന്റെ കേരളം പ്രദർശന വിപണന മേള ഉദ്ഘാടനം മെയ് എട്ടിന്

**കണ്ണൂർ:** സംസ്ഥാന സർക്കാരിന്റെ വികസന പ്രവർത്തനങ്ങളുടെ നേർക്കാഴ്ച്ചയാകും 'എന്റെ കേരളം' പ്രദർശന വിപണന മേളയെന്ന് രജിസ്ട്രേഷൻ, പുരാവസ്തു, മ്യൂസിയം, പുരാരേഖ വകുപ്പ് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി പറഞ്ഞു. രണ്ടാം പിണറായി വിജയൻ സർക്കാറിന്റെ നാലാം വാർഷികത്തിന്റെ ഭാഗമായി മെയ് എട്ട് മുതൽ 14 വരെ കണ്ണൂർ പോലീസ് മൈതാനിയിൽ നടക്കുന്ന 'എന്റെ കേരളം' മേളയുടെ സംഘാടക സമിതി അവലോകന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി. സംസ്ഥാന സർക്കാർ കഴിഞ്ഞ ഒൻപത് വർഷം ജില്ലയിൽ നടപ്പാക്കിയ വികസന നേട്ടങ്ങൾ ജനങ്ങളിലേക്കെത്തിക്കുകയാണ് പ്രദർശന വിപണന മേളയുടെ ലക്ഷ്യം. ഏഴ് ദിവസങ്ങളിലായി നടക്കുന്ന പ്രദർശന മേളക്കായി ഒറ്റക്കെട്ടായി പ്രവർത്തിക്കണമെന്നും മന്ത്രി പറഞ്ഞു. എന്റെ കേരളം പ്രദർശന വിപണന മേളയുടെ പ്രചരണ പോസ്റ്റർ മന്ത്രി പ്രകാശനം ചെയ്തു. കണ്ണൂർ പോലീസ് മൈതാനിയിൽ നടക്കുന്ന എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഉദ്ഘാടനം മെയ് എട്ടിന് നടക്കും. വിവിധ വകുപ്പുകളുടെ തീം സ്റ്റാളുകൾ, വിപണന സ്റ്റാളുകൾ, സെമിനാറുകൾ, കലാ സാംസ്കാരിക പരിപാടികൾ, കാർഷിക, ഭക്ഷ്യ, പുസ്തക മേള എന്നിവ നടക്കും. മേള നഗരിയിൽ 2500 ചതുരശ്ര അടിയിൽ ഐപിആർഡിയുടെ തീം പവലിയൻ ഒരുക്കും. കൃഷി, സ്റ്റാർട്ടപ്പ് മിഷൻ, ടൂറിസം, കിഫ്ബി, കായികം വകുപ്പുകളുടെ പവലിയനുകൾക്ക് പ്രത്യേക ഇടമുണ്ടാവും. മിനി തിയേറ്റർ, പോലീസ് വകുപ്പിന്റെ ഡോഗ്ഷോ, കാരവൻ ടൂറിസം, മൃഗ സംരക്ഷണ വകുപ്പിന്റെ പ്രദർശനങ്ങളും സജ്ജമാക്കുന്നുണ്ട്.

മെയ് എട്ട് മുതൽ 14 വരെ കണ്ണൂർ പോലീസ് മൈതാനിയിൽ നടക്കുന്ന എന്റെ കേരളം മേളയിൽ 151 തീം സ്റ്റാളുകളും 100 വാണിജ്യ സ്റ്റാളുകളുമാണ് ഒരുക്കുന്നത്. കിഫ്ബിയാണ് അടിസ്ഥാന സൗകര്യം ഒരുക്കുന്നത്. ശീതീകരിച്ച സ്റ്റാളുകളാണ് തയ്യാറാക്കുക. വാണിജ്യ സ്റ്റാളുകളിൽ വകുപ്പുകൾക്ക് പുറമെ എംഎസ്എംഇകൾക്കും ഉൽപ്പന്നങ്ങൾ വിപണനംചെയ്യാനുള്ള സൗകര്യം ഉണ്ടാവും. ഫുഡ് കോർട്ട്, സംസ്ഥാന ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ 1500 ചതുരശ്ര അടിയിൽ ഉൾപ്പെടുന്ന മിനി തിയ്യറ്റർ, മികച്ച സ്റ്റേജ് തുടങ്ങിയവയെല്ലാം നിർമിതിയിൽ ഉൾപ്പെടും.

മേളയോടനുബന്ധിച്ച് ഉദ്ഘാടന ദിവസമായ മെയ് എട്ടിന് രാത്രി ഏഴ് മണിക്ക് പണ്ഡിറ്റ് രമേഷ് നാരായൺ നയിക്കുന്ന 'ഒരു നറു പുഷ്പമായ്' മെഹ്ഫിൽ ഖയാലും ഗസലും സിനിമാ സംഗീതവും കൈകോർക്കുന്ന മേളനം അരങ്ങേറും. മെയ് ഒമ്പതിന് രാത്രി ഏഴ് മണി മുതൽ കൊച്ചിൻ കോക് ബാൻഡ് പരിപാടി അവതരിപ്പിക്കും. മെയ് 10 ന് രാത്രി ഏഴ് മണിക്ക് റാസ നയിക്കുന്ന റൂഹ് രംഗ് മെഹ്ഫിൽ, 11 ന് മാഹി നാടകപ്പുര അവതരിപ്പിക്കുന്ന നാടകം പാലസ്തീൻ കോമാളി, 12 ന് പ്രസീത ചാലക്കുടിയുടെ നാടൻപാട്ട് എന്നിവ അരങ്ങേറും. മെയ് 13ന് ഫോക് ലോർ, തദ്ദേശീയ കലാ പരിപാടികളുടെ ഭാഗമായി താളം തിരുവാതിര സംഘത്തിന്റെ തിരുവാതിര, മേരി ലാന്റ് ഹൈസ്കൂൾ മടമ്പം അവതരിപ്പിക്കുന്ന മാർഗം കളി, ജാബിർ പാലത്തുങ്കരയും സംഘവും ഒരുക്കുന്ന കോൽക്കളി, ദഫ് മുട്ട്, പരിചമുട്ട്, കാളയാട് ചെമ്പുക്കാവ് രാമചന്ദ്രൻ ഒരുക്കുന്ന മാൻപാട്ട്, കോൽക്കളി, കുണിയൻ പറമ്പത്ത് പൂരക്കളി സംഘത്തിന്റെ പൂരക്കളി, പയ്യമ്പള്ളി കളരി സംഘത്തിന്റെ കളരിപ്പയറ്റ് മുതലായവ അരങ്ങേറും. എന്റെ കേരളം പ്രദർശന വിപണന മേളയുടെ സമാപന ദിവസം മെയ് 14 ന് പന്തളം ബാലനും സംഘവും അവതരിപ്പിക്കുന്ന  സംഗീത വിരുന്നും വേദിയിലെത്തും.

മേള ദിവസങ്ങളിൽ കേരളോത്സവം, സർവകലാശാല കലോത്സവം എന്നിവയിൽ ജേതാക്കളായവരുടെ വിവിധ പരിപാടികളും അരങ്ങേറും. ഭിന്നശേഷി വിഭാഗക്കാരുടെ ഗാനമേള, വനിതാ സിവിൽ സർവീസ് ഓഫീസർമാരുടെ ഫ്യൂഷൻ ഡാൻസ്, താവം ഗ്രാമ വേദിയുടെ നാടൻപാട്ട്, ചെറുതാഴം ചന്ദ്രന്റെ പഞ്ചവാദ്യം, സജീവൻ ഇടയിലക്കാട് അവതരിപ്പിക്കുന്ന മലയാള ഗസൽ, എന്നിവ നടക്കും. വയോജന സംഗമം സംവാദം, വനിതാ സംഗമം, സ്റ്റാർട്ടപ്പ് വർക്ക്ഷോപ്പ്, ലഹരി വിരുദ്ധ ക്യാമ്പസ് ലക്ഷ്യത്തിലൂന്നിയ ശിൽപശാല, കരിയർ ഓറിയന്റേഷൻ പ്രോഗ്രാം, തുടങ്ങിയവയും പരിപാടിയുടെ ഭാഗമായി നടക്കും.

മേളയോടനുബന്ധിച്ച് ബ്ലോക്ക്/ഗ്രാമ പഞ്ചായത്ത് തലത്തിൽ ചിത്രരചന, ക്വിസ് മത്സരങ്ങൾ നടത്തും. ഓരോ മണ്ഡലത്തിലും എം എൽ എ മാരുടെ മേൽനോട്ടത്തിൽ ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ മത്സര പരിപാടികൾ സംഘടിപ്പിക്കും. മേളയുടെ ഭാഗമായി ജില്ലാതല സംഘാടക സമിതി 'എന്റെ കേരളം' എന്ന വിഷയത്തിൽ ഉപന്യാസ മത്സരവും സംഘടിപ്പിക്കുന്നുണ്ട്. കണ്ണൂർ പ്രസ് ക്ലബും സെൻട്രൽ ജയിലുമായി ചേർന്ന് മാധ്യമപ്രവർത്തകർ, ജയിൽ ഉദ്യോഗസ്ഥർ, ജനപ്രതിനിധികൾ എന്നിവർ പങ്കെടുക്കുന്ന മിക്സഡ് വോളി നടക്കും. മേളയിൽ പങ്കെടുക്കുന്നവർക്ക് സെൽഫി, റീൽസ്, ഫോട്ടോഗ്രാഫി മത്സരങ്ങളും സൗഹൃദ വോളിബോൾ മത്സരവും സംഘടിപ്പിക്കും.

# 108 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾക്ക് അംഗീകാരം

**തൃശ്ശൂർ:** ജില്ലയിലെ 108 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2025-26 വാർഷിക പദ്ധതികൾക്ക് അംഗീകാരം നൽകി. ജില്ലാ ആസൂത്രണ ഭവൻ കോൺഫറൻസ് ഹാളിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വി.എസ് പ്രിൻസ് അധ്യക്ഷതയിൽ ചേർന്ന ജില്ലാ ആസൂത്രണ സമിതി യോഗത്തിലാണ് അംഗീകാരം നൽകിയത്. പുത്തൂർ, കോടശ്ശേരി, ശ്രീനാരായണപുരം, എടവിലങ്ങ്, വേലൂർ, കൈപ്പറമ്പ്, അതിരപ്പിള്ളി, കാട്ടകാമ്പൽ എന്നീ എട്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൂടി അംഗീകാരം നൽകിയതോടെ ജില്ലയിൽ അംഗീകാരം ലഭിക്കുന്ന തദ്ദേശ സ്ഥാപനങ്ങളുടെ എണ്ണം 108 ആയി. നൂറ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ആദ്യമേ അംഗീകാരം നൽകിയിരുന്നു.ഇനിയും പദ്ധതികൾ സമർപ്പിക്കാത്ത ഗ്രാമ പഞ്ചായത്തുകൾ സ്പിൽ ഓവർ പദ്ധതികൾ കൂടി ഉൾപ്പെടുത്തി മെയ് 15 നകം സമർപ്പിക്കണമെന്നും ജില്ലാ ആസൂത്രണ സമിതി സബ് കമ്മിറ്റിയുടെ പരിശോധനകൾക്കായി പദ്ധതികൾ മെയ് പത്തിനകം സമർപ്പിക്കണമെന്നും യോഗം നിർദ്ദേശിച്ചു. യോഗത്തിൽ ജില്ല പ്ലാനിങ്ങ് ഓഫീസർ ടി.ആർ മായ, ജില്ലാ ജനകീയാസൂത്രണ ഫെസിലിറ്റേറ്റർ അനൂപ് കിഷോർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു

**തിരുവനന്തപുരം:** സരസ്വതി കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസിന്റെ നേതൃത്വത്തിൽ ആരംഭിച്ച ട്രിവാൻഡ്രം ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിന്റെ സാമൂഹിക പ്രതിബദ്ധത പദ്ധതിയുടെ ഭാഗമായി വട്ടിയൂർക്കാവ് സരസ്വതി വിദ്യാലയത്തിൽ മെഗാ ജോബ് ഫെയർ സംഘടിപ്പിച്ചു.  മേയർ ആര്യ രാജേന്ദ്രൻ ഉദ്ഘാടനം ചെയ്തു.

തൊഴിൽമേഖലയിലെ മാറിവരുന്ന പ്രവണതകൾ മനസിലാക്കി ലഭ്യമായ തൊഴിലവസരങ്ങൾ ഉപയോഗപ്പെടുത്തുന്നതിന് അനുകൂലമായ തൊഴിൽ സാഹചര്യങ്ങൾ ഒരുക്കുകയാണ് ജോബ് ഫെയറിന്റെ ലക്ഷ്യമെന്ന് മേയർ പറഞ്ഞു.

വി.കെ. പ്രശാന്ത് എംഎൽഎയുടെ നേതൃത്വത്തിൽ നടന്ന ജോബ് ഫെയറിൽ 4762 ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിരുന്നു. 2500 ലധികം തൊഴിലവസരങ്ങളിലേക്കാണ് അഭിമുഖങ്ങൾ നടന്നത്. ആദിത്യ ബിർള, ബജാജ് അലയൻസ്, ക്ലബ്ബ് മഹീന്ദ്ര, റിലയൻസ് ജിയോ ഇൻഫോകോം തുടങ്ങി 130 ഓളം തൊഴിൽദായകർ മേളയിൽ പങ്കെടുത്തു. ഓൺലൈൻ രജിസ്ട്രേഷനു പുറമേ സ്പോട്ട് രജിസ്ട്രേഷനും സൗകര്യം ഒരുക്കിയിരുന്നു.

വട്ടിയൂർക്കാവ് സരസ്വതി വിദ്യാലയത്തിൽ നടന്ന ചടങ്ങിൽ ഫ്യൂച്ചർ ലീപ് സി.ഇ.ഒ രവി മോഹൻ, മുൻ എ.ഐ.സി.ടി.ഇ ഉപദേശകൻ ഡോ. രമേശ് ഉണ്ണികൃഷ്ണൻ, തിരുവനന്തപുരം ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ രാജ് മോഹൻ എന്നിവർ പങ്കെടുത്തു.

# ഓംബുഡ്സ്മാൻ 61 പരാതി തീർപ്പാക്കി

**പത്തനംതിട്ട:** മഹാത്മാഗാന്ധി ദേശീയ  തൊഴിലുറപ്പ് പദ്ധതി ജില്ലാ ഓംബുഡ്സ്മാൻ 72 പരാതി പരിഗണിച്ച് 61 എണ്ണം തീർപ്പാക്കി. ഗ്രാമപഞ്ചായത്തുകളുടെ സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടിലെ ക്രമക്കേടുകളിൽ കേസെടുത്തു. തൊഴിലാളികൾക്ക് അധികമായി നൽകിയ 22,412 രൂപ ഈടാക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങളും സുരക്ഷാ ഉപകരണങ്ങളും ലഭ്യമാക്കാത്ത പഞ്ചായത്തുകൾക്ക് അവ ഉറപ്പാക്കാനും നിർദേശം നൽകി. സീതത്തോട് പഞ്ചായത്തിലെ അർഹതയില്ലാത്ത ഗുണഭോക്താവിന് വിവിധ ആവശ്യങ്ങൾക്കായി നൽകിയ 1,07,752 രൂപ ഉദ്യോഗസ്ഥരിൽ നിന്നും ഒമ്പത് ശതമാനം പലിശ സഹിതം ഈടാക്കുന്നതിന് ഉത്തരവായി.  സീതത്തോട് ഗ്രാമപഞ്ചായത്തിൽ പ്രവൃത്തി സമയത്ത് സ്ഥാപിക്കേണ്ട സിറ്റിസൺ ഇൻഫർമേഷൻ ബോർഡിന്റെ കരാറിലെ ക്രമക്കേടിന് ഉന്നതതല അന്വേഷണത്തിന് ശുപാർശ ചെയ്തു. പന്തളത്തെ ഓംബുഡ്സ്മാൻ ഓഫീസ് ജില്ലാ ആസ്ഥാനത്തേക്ക് മാറ്റുന്നതിന്  സർക്കാരിനോട് ആവശ്യപ്പെട്ടു.

# വിജ്ഞാന കൗൺസിൽ രൂപീകരിച്ചു

**കണ്ണൂർ:**  തൊഴിൽ രഹിതരായ യുവതീ യുവാക്കൾക്ക് വിജ്ഞാനാധിഷ്ഠിത തൊഴിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേരള നോളജ് ഇക്കോണമി മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച വിജ്ഞാന കേരളം പദ്ധതിയുടെ ജില്ലാ വിജ്ഞാന കൗൺസിൽ രൂപീകരണം വിജ്ഞാന കേരളം ക്യാമ്പെയിൻ സംസ്ഥാന അഡ്വൈസർ ഡോ. തോമസ് ഐസക്കിന്റെ നേതൃത്വത്തിൽ നടന്നു. കണ്ണൂർ ഡി പി സി ഹാളിൽ നടന്ന പരിപാടിയിൽ പുരാവസ്തു രജിസ്ട്രേഷൻ മ്യൂസിയം വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ അധ്യക്ഷനായി. വർഷാവസാനത്തോടെ ജില്ലയിലെ അഭ്യസ്ത വിദ്യരായ 50000 പേർക്ക് അവരുടെ യോഗ്യതയ്ക്കനുസരിച്ചുള്ള ജോലി നൽകാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. മെയ് - ജൂൺ മാസമാകുമ്പോഴേക്കും 20000 പേർക്കെങ്കിലും ജോലി നൽകണം എന്ന ലക്ഷ്യത്തോടെ ഇതിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. തൊഴിലന്വേഷകരായ 20000 പേരെ കണ്ടെത്തി ഡിഡബ്ല്യൂ എം എസ് ആപ്ലിക്കേഷനിൽ രജിസ്റ്റർ ചെയ്ത്, അവർക്ക് വേണ്ട പരിശീലനങ്ങൾ നൽകി ഒരു തൊഴിൽ ദാതാവിന്റെ മുൻപിലെത്തിക്കുകയും തന്റെ ആത്മവിശ്വാസത്തിന്റെയും അറിവിന്റെയും ബലത്തിൽ ജോലി നേടാൻ പ്രാപ്തനാക്കുകയും ചെയ്യുകയാണ് പദ്ധതി ഉദ്ദേശിക്കുന്നത്. ഓരോ പ്രദേശത്തും ലഭ്യമായ തൊഴിലവസരങ്ങൾ കണ്ടെത്തി തൊഴിലന്വേഷകരെ ഇതിന് പ്രാപ്തരാക്കി തൊഴിൽ നേടിക്കൊടുക്കുന്ന അവസാന ഘട്ടം വരെ മെന്റർമാരും കമ്യൂണിറ്റി അംബാസിഡർമാരും ഒന്നിച്ചുണ്ടാവും.

വിജ്ഞാന കേരളം പരിപാടിയുടെ എല്ലാ പ്രവർത്തനങ്ങൾക്കും പൊതു മേൽനോട്ടം നൽകാൻ ജില്ലയിൽ ചാർജുള്ള മന്ത്രിയുടെ അധ്യക്ഷതയിൽ ജില്ലാ വിജ്ഞാനകേരളം കൗൺസിൽ ഉണ്ടാകും. ഇതിൽ എംഎൽഎമാർ,ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്, ഭാരവാഹികൾ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, നഗരസഭാ അധ്യക്ഷർ, ഗ്രാമപഞ്ചായത്ത് അസോസിയേഷൻ ജില്ലാ ചുമതലക്കാർ, ജില്ലാ കളക്ടർ,തദ്ദേശഭരണ ജോയിന്റ് ഡയറക്ടർ, ജില്ലാ പ്ലാനിങ് ഓഫീസർ, പിഎംയുവിന്റെ ഡിഎംസിയും മറ്റു പ്രധാനപ്പെട്ട അംഗങ്ങളും, യുവജന ക്ഷേമബോർഡ് പ്രതിനിധി, അസാപ്പ്/കെയ്സ് എന്നിവരുടെ പ്രതിനിധികൾ, പ്രൊഫഷണൽ കമ്മ്യൂണിറ്റി മെന്റർമാരുടെ പ്രതിനിധികൾ എന്നിവർ അംഗങ്ങളായിരിക്കും.

# നിലപാട് കടുപ്പിച്ച് കെ.ജി.എം.ഒ.എ; ഹജ്ജ് ഡ്യൂട്ടിക്കില്ലെന്ന് ഡോക്ടർമാർ

## ആരോഗ്യമന്ത്രി ഇടപെട്ടില്ലെങ്കിൽ ഹജ്ജ് യാത്ര അവതാളത്തിലാകും

**കൊച്ചി:** എറണാകുളം ജില്ലാ നാഷണൽ ഹെൽത്ത് മിഷൻ പ്രോഗ്രാം മാനേജർ (ഡിപിഎം) ഡോ.ശിവപ്രസാദിനെതിരെ നടപടിയെടുക്കാത്ത അധികൃതർക്കെതിരെ നിലപാട് കടുപ്പിച്ച് സർക്കാർ ഡോക്ടർമാരുടെ സംഘടനയായ കേരള ഗവൺമെന്റ് മെഡിക്കൽ ഓഫിസേഴ്സ് അസോസിയേഷൻ (കെ.ജി.എം.ഒ.എ). ഹജ്ജ് വാക്സിനേഷൻ ഉൾപ്പെടെയുള്ള ഹജ്ജ് ഡ്യൂട്ടിബഹിഷ്കരിക്കുമെന്ന് കെ.ജി.എം.ഒ.എ എറണാകുളം ജില്ലാ കമ്മിറ്റി വ്യക്തമാക്കിയതോടെ എറണാകുളത്ത് നിന്നുള്ള ഹജ്ജ് തീർഥാടകരുടെ യാത്ര അവതാളത്തിലാകുമെന്നാണ് ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഹജ്ജ് വാക്സിനേഷൻ നടത്താതെ തീർഥാടകർക്ക് ഹജ്ജിന് പോകാൻ കഴിയില്ല. ഡിപിഎം ഡോ. ശിവപ്രസാദിന്റെ ധിക്കാരപരമായ നിലപാടിനെതിരെ ഡോക്ടർമാർ നൽകിയ പരാതിക്കെതിരെ മുഖം തിരിക്കുന്ന സമീപനം ഇനിയും അംഗീകരിക്കാൻ കഴിയില്ലെന്ന് കെ.ജി എം.ഒ.എ ജില്ലാ പ്രസിഡന്റ് ഡോ. ടി.സുധാകർ, സെക്രട്ടറി ഡോ. കാർത്തിക് ബാലചന്ദ്രൻ എന്നിവർ വാർത്താക്കുറിപ്പിൽ പറഞ്ഞു.വനിതാ ഡോക്ടർമാരോടുള്ള ഡിപിഎം ഡോ. ശിവപ്രസാദിന്റെ അവഹേളനപരമായ പെരുമാറ്റവും സാമൂഹ്യ മാധ്യമങ്ങൾ വഴി അവരെ അപകീർത്തിപ്പെടുത്തുന്നരീതിയിലുള്ള പ്രചാരണവും അതിരുകടന്നതിനെ തുടർന്ന് നൽകിയ പരാതിയിൽ നടപടിയെടുക്കാത്ത അധികൃതരുടെ നിലപാടിൽ പ്രതിഷേധിച്ച് 2025 മാർച്ച് ഏഴ് മുതൽ കെ.ജി.എം.ഒ.എയുടെ നേതൃത്വത്തിൽ ഡോക്ടർമാർ ആശുപത്രിയിലെ രോഗീപരിചരണമൊഴികെയുള്ള യാതൊരു വിധ അധികചുമതലകളും എടുക്കാതെ പൂർണ്ണ നിസ്സഹകരണത്തിലാണ്. അന്നുമുതൽ ജില്ലയിലെ ആരോഗ്യപ്രവർത്തനങ്ങൾ അവതാളത്തിലായിട്ടും ഡോ.ശിവപ്രസാദിനെ ഡിപിഎം സ്ഥാനത്ത് നിന്നു മാറ്റാതെ സംരക്ഷിക്കുന്ന നിലപാടാണ് സർക്കാരും ആരോഗ്യവകുപ്പും സ്വീകരിക്കുന്നത്. സ്വന്തം ആരോഗ്യം പോലും മറന്ന് സമൂഹത്തിന്റെ ആരോഗ്യസംരക്ഷണത്തിനായി രാപ്പകൽ വ്യത്യാസമില്ലാതെ ജോലി ചെയ്യുന്ന ഡോക്ടർമാരുടെ പരാതി മുഖവിലയ്ക്കാതെ അധികൃതർ ഇരട്ടത്താപ്പ് നയമാണ് സ്വീകരിക്കുന്നത്.

ഡോ.ശിവപ്രസാദിനെ ഡിപിഎം സ്ഥാനത്ത് നിന്നും മാറ്റുന്നതുവരെ കെ.ജി.എം.ഒ.എയുടെ നേതൃത്വത്തിലുള്ള ഡോക്ടർമാർ യാതൊരു വിധ അധികച്ചുമതലകളും സ്വീകരിക്കില്ലെന്നും അസോസിയേഷൻ ജില്ലാ ഭാരവാഹികൾ വ്യക്തമാക്കി.




# ഹോമിയോപ്പതിക് പീഡിയാട്രിക് കോൺഫറൻസ് 27ന് പാലക്കാട്

**പാലക്കാട്:** ഇന്ത്യൻ ഹോമിയോപ്പതിക് മെഡിക്കൽ അസോസിയേഷൻ (ഐ.എച്ച്.എം.എ) കേരള സംസ്ഥാന ഘടകത്തിന്റെ 20-ാമത് സംസ്ഥാന സമ്മേളനവും ദേശീയ ശാസ്ത്ര സെമിനാറും 2025 ഏപ്രിൽ 27 ന് പാലക്കാട് ജോബീസ് മാളിൽ നടത്തും.

വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി സമ്മേളനം ഉദ്ഘാടനം ചെയ്യും. ഐ.എച്ച്.എം.എ ദേശീയ പ്രസിഡന്റ് ഡോ. കെ.എം. ഉവൈസ് മുഖ്യാതിഥിയാകും. ജില്ലാ ഹോമിയോ മെഡിക്കൽ ഓഫീസർ ഡോ. ജ്യോതി കെ ചടങ്ങിൽ പങ്കെടുക്കും. കൊൽക്കത്തയിൽ നിന്നുള്ള ഡോ. സപ്തർഷി ബാനർജി ശിശുരോഗ ചികിത്സയിൽ നൂതന ഹോമിയോപ്പതി ചികിത്സാ സംവിധാനങ്ങളെ കുറിച്ച് പ്രബന്ധം അവതരിപ്പിക്കും. കുട്ടികളിൽ ഉണ്ടാകുന്ന ജനിതക വൈകല്യങ്ങൾ, ഓട്ടിസം, പഠന സ്വഭാവ വൈകല്യങ്ങൾ, ലഹരി മോചനം, അലർജി സംബന്ധമായ രോഗങ്ങൾ എന്നിവയെ ഹോമിയോപ്പതി ചികിത്സ കൊണ്ട് എങ്ങനെ മറി കടക്കാം എന്നീ വിഷയങ്ങളിൽ ദേശീയ സെമിനാറിൽ ചർച്ച നടക്കും.

സമ്മേളനത്തിനോടനുബന്ധിച്ച് ഹരീഷ് പ്ലാമൂട്ടിൽ (മലയാള മനോരമ), സുനിൽ മേനോൻ (കൈരളി ടി.വി) എന്നിവർക്ക് മാധ്യമ പുരസ്കാരങ്ങൾ മന്ത്രി കെ കൃഷ്ണൻകുട്ടി സമ്മാനിക്കും. എപ്രിൽ 10 ന് ലോക ഹോമിയോപതി ദിനത്തിൽ ഹോമിയോപതിയെ പൊതു ജനങ്ങളിലേക്ക് എത്തിച്ചതിനാണ് സുനിൽ മേനോൻ (കൈരളി ടി വി ) അവാർഡിനർഹനായത്

സംസ്ഥാനത്തെ മികച്ച പ്രൈവറ്റ് ഡോക്ടർ അവാർഡിന് അർഹനായ ഡോ. കെ. സജി (കോഴിക്കോട്), മികച്ച ഗവൺമെന്റ് ഡോക്ടർക്കുള്ള അവാർഡിന് അർഹനായ ഡോ. മുഹമ്മദ് കോയ (കോഴിക്കോട്), നവാഗത ഡോക്ടർക്കുള്ള അവാർഡിന് അർഹനായ ഡോ. ഫവാസ് ഇബ്നു അലി (മലപ്പുറം) എന്നിവർക്ക് മന്ത്രി പുരസ്കാരങ്ങൾ സമ്മാനിക്കും.

ഹോമിയോപ്പതി ചികിത്സാരംഗത്തെ പ്രമുഖ വ്യക്തിത്വങ്ങളും സ്വകാര്യ, ഗവൺമെന്റ് ഡോക്ടർമാരും വിവിധ ഹോമിയോ കോളജുകളിൽ നിന്നുള്ള അധ്യാപകർ, പി.ജി. വിദ്യാർത്ഥികൾ, യു.ജി. വിദ്യാർത്ഥികൾ എന്നിവർ സമ്മേളനത്തിൽ പങ്കെടുക്കുമെന്ന് ഐ.എച്ച്.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ. മുഹമ്മദ് ഷമീം, സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. പരിമൾ ചാറ്റർജി, സംസ്ഥാന ട്രഷറർ ഡോ രഞ്ജിത് കുമാർ പി.എസ്, പാലക്കാട് ജില്ലാ പ്രസിഡന്റ് ഡോ ജസീല പി.എ , കോൺഫറൻസ് ചെയർപേഴ്സൺ ഡോ. ധന്യ ശശിധരൻ, കോൺഫറൻസ് ഡയറക്ടർ ഡോ. പ്രശാന്ത് അയ്യപ്പൻ, ദേശീയ കമ്മിറ്റി അംഗം ഡോ. ബഷീർ എ എന്നിവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

# സൗജന്യ അർബുദ രോഗ നിർണ്ണയ പരിശോധന ക്യാംപ് നാളെ

**കൊച്ചി:** എറണാകുളം കച്ചേരിപ്പടി ശ്രീസുധീന്ദ്ര മെഡിക്കൽ മിഷൻ ആശുപത്രിയിൽ നാളെ (27.04.2025, ഞായർ) സൗജന്യ അർബുദ രോഗ നിർണ്ണയ പരിശോധന ക്യാംപ് നടക്കും. രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരു മണി വരെ നടക്കുന്ന ക്യാംപിൽ എല്ലാവിധ അർബുദ രോഗ നിർണ്ണയ പരിശോനകളും സൗജന്യ നിരക്കിൽ ലഭ്യമായിരിക്കും. വിദഗ്ദ്ധ ഡോക്ടർമാരുടെ സേവനവും ക്യാംപിൽ ഉണ്ടായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് 04844077400, 3512123 എന്നീ നമ്പറുകളിൽ ലഭ്യമാണ്.

# കെ.വി.വി.ഇ.എസ്: ഉപദേശക സമിതി രൂപീകരിച്ചു

**കൊച്ചി :** വ്യാപാരി വ്യവസായി ഏകോപന സമിതി എറണാകുളം ജില്ലാ ഭരണ സമിതി മുതിർന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഉപദേശ സമിതി രൂപീകരിച്ചു. ഇ.എം ജോണി (കോതമംഗലം), ഡിലൈറ്റ് പോൾ (കൊച്ചി), എം.സി.പോൾസൺ (തേവര), പി.എ.കബീർ (പേഴക്കാപ്പിള്ളി), സി.എസ്.രാമചന്ദ്രൻ (പാലാരിവട്ടം), ടി.പി.റോയി (തൃപ്പൂണിത്തുറ), ഷാജഹാൻ അബ്ദുൾഖാദർ (കളമശ്ശേരി) എന്നിവരാണ് സമിതി അംഗങ്ങൾ. പള്ളിക്കരയിലെ പുതിയ ജില്ലാ വ്യാപാര ഭവന്റെ നിർമ്മാണം, വ്യാപാരി ക്ഷേമനിധി, കുടുംബ സുരക്ഷാ പദ്ധതി തുടങ്ങി ജില്ല കമ്മിറ്റി വിഭാവനം ചെയ്തിരിക്കുന്ന വിവിധങ്ങളായ ക്ഷേമ പദ്ധതികളുടെ സുഗമവും സമയ ബന്ധിതവുമായ നടത്തിപ്പിനായാണ് പുതിയ അഡ്വൈസറി സമിതിയെ തിരഞ്ഞെടുത്തതെന്ന് ജില്ലാ പ്രസിഡന്റ് പി.സി.ജേക്കബ് അറിയിച്ചു.

# ലഹരി ഉപഭോഗത്തിനെതിരെ കൊച്ചി റൺ സംഘടിപ്പിച്ച് സിജിഒഎ

**കൊച്ചി:** വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗത്തിനെതിരെ 'ജീവിതം തന്നെ ലഹരി' എന്ന മുദ്രാവാക്യം ഉയർത്തിക്കൊണ്ട് സെൻട്രൽ ഗവൺമെൻറ് ഓഫീസേഴ്സ് അസോസിയേഷൻ (സിജിഒ എ) ഏപ്രിൽ 27ന് പനമ്പിള്ളി നഗറിൽ സിജിഒഎ കൊച്ചി റൺ എന്ന പേരിൽ ഒരു ഓട്ടം സംഘടിപ്പിക്കുന്നു. 10 കിലോമീറ്റർ 5 കിലോമീറ്റർ ദൂരമുള്ള രണ്ട് വിഭാഗങ്ങളിൽ 10 കിലോമീറ്റർ വിഭാഗത്തിൽ സമ്മാനത്തുകയും ഏർപ്പെടുത്തിയിട്ടുണ്ട്.

പനമ്പിള്ളി നഗർ ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിൽ നിന്നും ആരംഭിച്ച് പനമ്പിള്ളി നഗർ വാക്ക് വേ പാർക്ക് വഴി കെ പി വള്ളോൻ റോഡിൽ പ്രവേശിച്ച് അവിടെനിന്നും വലത്തേക്ക് തിരിഞ്ഞ് എളംകുളം ഭാഗത്തേക്ക് പോയി തിരിച്ചു വരുന്ന രീതിയിലാണ് ഓട്ടം ക്രമീകരിച്ചിരിക്കുന്നത്. അഞ്ച് കിലോമീറ്റർ ഓട്ടം അതിന് പകുതി ദൂരം വെച്ച് തിരികെ വരും. 10 കിലോമീറ്റർ ഓട്ടം രാവിലെ 5.30ന് സിറ്റി പോലീസ് കമ്മീഷണർ പുട്ട വിമലാദിത്യ ഫ് ളാഗ് ഓഫ് ചെയ്യും.അഞ്ച് കിലോമീറ്റർ ഓട്ടം രാവിലെ 5.50 ന് കൊച്ചിൻ കസ്റ്റംസ് കമ്മീഷണർ ഗുർകരൺ സിംഗ് ബെയ്ൻസ് ആണ് ഫ്ളാഗ് ഓഫ് ചെയ്യുന്നത്. കോർപ്പറേഷൻ കൗൺസിലർ മാലിനി കുറുപ്പ്, കൊച്ചിൻ ഷിപ്പ് യാർഡ് മാനേജിംഗ് ഡയറക്ടർ മധു നായർ, കോസ്റ്റ് ഗാർഡ് ഡിഐജിമാരായ എൻ രവി, എസ് നിശാന്ത്, മുൻ കസ്റ്റംസ് ആൻഡ് സെൻട്രൽ ടാക്സ് ചീഫ് കമ്മീഷണർ ഡോ. കെ എൻ രാഘവൻ, അർജുന അവാർഡ് ജേതാക്കളായ ജോർജ് തോമസ്, കെ എം ബിനു, തുടങ്ങിയവർ പങ്കെടുക്കും. സി ജി ഒ എ പ്രസിഡണ്ടും മുൻ എൻ പി ഒ എൽ ഡയറക്ടറുമായ എസ് അനന്തനാരായണൻ ഫ്ളാഗ്ഓഫിന് മുമ്പായി ഓട്ടക്കാർക്ക് ലഹരിവിരുദ്ധ പ്രതിജ്ഞ ചൊല്ലി കൊടുക്കും.കൊച്ചിൻ കസ്റ്റംസ് ഡെപ്യൂട്ടി കമ്മീഷണർ ടി പി സലിംകുമാർ ആണ് റേസ് ഡയറക്ടർ.

# പിഞ്ചു കുഞ്ഞിന് ശ്വസിക്കാൻ ബുദ്ധിമുട്ട്; പരിശോധനയിൽ കണ്ടത് ശ്വാസനാളത്തിൽ കുടുങ്ങിയ സേഫ്റ്റി പിൻ

**കൊച്ചി:** ശ്വാസമെടക്കാൻ ബുദ്ധിമുട്ട് നേരിട്ടതിനെ തുടർന്ന് നടത്തിയ പരിശോധനയിൽ 12 മാസം പ്രായമുള്ള കുഞ്ഞിന്റെ ശ്വാസനാളത്തിൽ കണ്ടെത്തിയത് 4 സെന്റീമീറ്റർ നീളമുള്ള സേഫ്റ്റി പിൻ. അടിയന്തര ചികിൽസയിലൂടെ ഒടുവിൽ പിൻ പുറത്തെടുത്തു. ശ്വാസമെടുക്കാൻ കടുത്ത ബുദ്ധിമുട്ട് അനുഭവപ്പെട്ടതിനെ തുടർന്നാണ് കുട്ടിയെ വിപിഎസ് ലേക്ഷോർ ആശുപത്രിയിലെ എമർജൻസി വിഭാഗത്തിൽ എത്തിച്ചത്. തുടർന്ന് എക്സ് റെ എടുത്ത് പരിശോധിച്ചപ്പോഴാണ് 4 സെന്റീമീറ്റർ നീളമുള്ള പിൻ കുട്ടിയുടെ ശ്വാസനാളത്തിൽ കുടുങ്ങിയതായി സ്ഥിരീകരിച്ചത് അപകട സാധ്യത കണക്കിലെടുത്ത് അടിയന്തിരമായി പൾമണറി ക്രിട്ടിക്കൽ കെയർ & സ്ലീപ്പ് മെഡിസിൻ വകുപ്പിലെ കൺസൾട്ടന്റായ ഡോ. മുജീബ് റഹ്മാന്റെ നേതൃത്വത്തിൽ കുട്ടിക്ക് ബ്രോങ്കോസ്കോപ്പി നടത്തി. ശ്വാസനാളത്തിൽ പിൻ ഉണ്ടെന്ന് ഇമേജിംഗിലൂടെയാണ് സ്ഥിരീകരിച്ചത്. പിൻ ആസ്പിറേഷൻ കേസുകളിൽ, പ്രത്യേകിച്ച് ചെറിയ വസ്തുക്കൾ ഉള്ളിലേക്ക് പോകാവുന്ന സാധ്യത കൂടുതലുള്ള കുഞ്ഞുങ്ങളിൽ, വേഗത്തിലുള്ള മെഡിക്കൽ ഇടപെടൽ പ്രാധാനമാണെന്നും കുട്ടി സുഖം പ്രാപിക്കുന്നുവെന്നും ഡോ. മുജീബ് റഹ്മാൻ പറഞ്ഞു. വേഗത, കൃത്യത, തടസ്സമില്ലാത്ത ഏകോപനം എന്നിവയിലൂടെ ദ്രുത പ്രതികരണത്തിലും ഗുണമേന്മയുള്ള ചികിത്സയ്ക്കും ഞങ്ങൾ നൽകുന്ന പ്രാധാന്യം ഞങ്ങളുടെ മെഡിക്കൽ ടീം പ്രതിഫലിപ്പിച്ചുവെന്ന് മാനേജിംഗ് ഡയറക്ടർ എസ് കെ അബ്ദുള്ള പറഞ്ഞു.

# മഴക്കാല പൂർവ ശുചീകരണം, രോഗപ്രതിരോധം ഊർജിതമാക്കണം : മന്ത്രി കെ.എൻ.ബാലഗോപാൽ

**കൊല്ലം:** മഴക്കാലം എത്തും മുമ്പേ ശുചീകരണ പ്രവർത്തനങ്ങളും വ്യാപിക്കാൻ ഇടയുള്ള രോഗങ്ങളും മുൻകൂട്ടി കണ്ട് പ്രതിരോധ നടപടികൾ ഊർജിതമാക്കണമെന്ന് മന്ത്രി കെ. എൻ .ബാലഗോപാൽ. കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ മുന്നൊരുക്കം മിനി സിവിൽസ്റ്റേഷൻ ഹാളിൽ അവലോകനം ചെയ്യുകയായിരുന്നു അദ്ദേഹം. മഴ നേരത്തെയാകാൻ സാധ്യതയുണ്ട്. അതുകൊണ്ട് എല്ലാ നടപടികളും വേഗത്തിലാക്കണം. എംസി റോഡിലെ വിവിധ ഭാഗങ്ങൾ, കൊട്ടാരക്കര ടൗൺ, കോടതി വളപ്പ്, നെടുവത്തൂർ പഞ്ചായത്തിലെ തേവലപ്പുറം, കുളക്കട ആറിൻറെ തീരം, നെല്ലിക്കുന്ന്, വെളിയം തുടങ്ങിയ വെള്ളക്കെട്ട് ഉണ്ടാകുന്ന റോഡുകളിൽ ജലം കെട്ടിനിൽക്കുന്നത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. കെഐപി കനാലിലെ ചോർച്ച ഉണ്ടാകുന്ന ഭാഗങ്ങളിൽ അറ്റകുറ്റപ്പണികൾ ഊർജിതമാക്കണം. മലയോരമേഖലകളിൽ മഴപെയ്യുമ്പോൾ ഉണ്ടാകുന്ന അപകടങ്ങൾ, വൈദ്യുത കമ്പി പൊട്ടിവീണു ഉണ്ടാകുന്ന അപകടങ്ങൾ എന്നിവ തടയുന്നതിന് പ്രതിരോധ മാർഗങ്ങൾ സ്വീകരിക്കണം. വെള്ളം കയറുന്നതോടിൻറെയും ആറിൻറെയുംതീരങ്ങളിൽ ശരിയായ പരിശോധന നടത്തി വെള്ളപ്പൊക്കം തടയുന്നതിന് ജലസേചന വകുപ്പിനും, ഓടകളിലെ മാലിന്യം നീക്കുന്നതിനും അറ്റകുറ്റപ്പണി ഊർജിതമായി നടത്തുന്നതിനും ബന്ധപ്പെട്ട മരാമത്ത് ഉദ്യോഗസ്ഥർക്കും മന്ത്രി നിർദേശം നൽകി.പോലീസ്, ഫയർഫോഴ്സ്, എൻ എച്ച്, കെഎസ്ഇബി, ആരോഗ്യം, ത്രിതല പഞ്ചായത്തുകൾ തുടങ്ങിയ വിവിധ വകുപ്പുകൾ സ്വീകരിച്ച മഴക്കാലപൂർവ മുന്നൊരുക്കങ്ങൾ മന്ത്രിയുടെ നേതൃത്വത്തിൽ പരിശോധിച്ചു. വിവിധ വകുപ്പുകൾ ഉന്നയിച്ച മഴക്കാലപൂർവ്വ മുന്നൊരുക്കങ്ങൾക്ക് തടസം നിൽക്കുന്ന പ്രശ്നങ്ങൾക്ക് അടിയന്തരപരിഹാരം കാണുന്നതിനുള്ള നടപടികൾക്ക് നിർദ്ദേശവും നൽകി.റൂറൽ എസ് പി സാബു മാത്യു , കൊട്ടാരക്കര മുനിസിപ്പൽ ചെയർമാൻ ഉണ്ണികൃഷ്ണ മേനോൻ, കൊട്ടാരക്കര ബ്ലോക്ക് പ്രസിഡൻറ്അഭിലാഷ്, വെളിയം ഗ്രാമപഞ്ചായത്ത് പ്രസിഡൻറ്പ്രശാന്ത്, നെടുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡൻറ് വി. കെ ജ്യോതി, കരീപ്ര പഞ്ചായത്ത് പ്രസിഡൻറ് സുവിധ, മൈലം പഞ്ചായത്ത് പ്രസിഡൻറ് ബിന്ദു ജി നാഥ്, വിവിധ വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# വാസ്തുവിദ്യാ ഗുരുകുലത്തിന് ഭാരതീയജ്ഞാന പദവി നഷ്ടമായി

**പത്തനംതിട്ട:** ആറന്മുള വാസ്തുവിദ്യാ ഗുരുകുലത്തിന് കേന്ദ്ര സർക്കാർ നൽകിയ ഭാരതീയ ജ്ഞാന കേന്ദ്ര പദവി ചെയർമാൻറെയും ഡയറക്ടറുടെയും പിടിവാശി മൂലം നഷ്ടമായി. ഗവേഷണത്തിനായി ഗുരുകുലത്തിന് അനുവദിച്ച കേന്ദ്ര ഫണ്ടും ഇതോടെ നഷ്ടപ്പെട്ടു. ഇന്ത്യയിൽ ഐഐടി ചെന്നൈ, ഐഐടി വാരണാസി തുടങ്ങി അപൂർവമായ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു മാത്രം ലഭിക്കുന്ന പദവിയാണ് അധികൃതരുടെ കടുംപിടുത്തം മൂലം നഷ്ടമായത്.

വാസ്തു വിദ്യാഗുരുകുലം ചെയർമാൻ പദവിയിലേക്ക് ആർക്കിടെക്റ്റും ഹാബിറ്റാറ്റ് ഉടമയുമായ ജി.ശങ്കർ എത്തിയതോടെയാണ് പ്രശ്നങ്ങൾക്ക് തുടക്കമായത്. ഭാരതീയ ജ്ഞാന കേന്ദ്ര പദവിയിലൂടെ ലഭ്യമായ പണം ഉപയോഗിച്ച് നടത്തിയ ഗവേഷണ പ്രബന്ധം സ്വകാര്യ സ്ഥാപന ഉടമയായ ജി. ശങ്കറിന് കൈമാറാൻ തയാറാകാത്തതാണ് പദവി നഷ്ടമാകാൻ കാരണമെന്ന് സീനിയർ സയൻറിസ്റ്റും ഗവേഷകനുമായ സുരേഷ് കൊല്ലേത്ത് പത്രസമ്മേളനത്തിൽ ആരോപിച്ചു.

മന്ത്രി സജി ചെറിയാൻ മുൻകൈയെടുത്ത് ഗുരുകുലത്തിൽ ആരംഭിച്ച പ്രകൃതി സൗഹൃദ നിർമാണ ഡിവിഷൻ പ്രോജക്റ്റ് എൻജിനിയറും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് മുൻ സീനിയർ പ്രോജക്റ്റ് സയൻറിസ്റ്റുമായിരുന്നു സുരേഷ് കൊല്ലേത്ത്. ഇദ്ദേഹത്തിൻറെ ശ്രമഫലമായാണ് ഭാരതീയ ജ്ഞാന കേന്ദ്ര പദവി ഗുരുകുലത്തിന് ലഭിക്കുന്നത്.വാസ്തുവിദ്യാ ഗുരുകുലത്തിൻറെ പദ്ധതികൾ ജനങ്ങളുടെ വിശ്വാസപരമായ നിർമാണത്തിൽ അധിഷ്ഠിതമായതിനാൽ അതിനൊപ്പം സാങ്കേതിക വിദ്യയ്ക്കു കൂടി പ്രാധാന്യം നൽകിക്കൊണ്ടുള്ള ഗവേഷണ പദ്ധതികളാണ് സുരേഷ് കൊല്ലേത്ത് വിഭാവനം ചെയ്തിരുന്നത്.ഇതനുസരിച്ച് പ്രകൃതി സൗഹൃത നിർമാണ പദ്ധതിക്ക് അദ്ദേഹം തുടക്കമിട്ടു. വാസ്തുവിദ്യാ ഗുരൂ കുലത്തിൽ റിസർച്ച് വിംഗ് ആരംഭിക്കുമ്പോൾ സയൻറിസ്റ്റായി തന്നെ നിയമിക്കണമെന്ന വ്യവസ്ഥയിലാണ് സുരേഷ് ഗവേഷണ ജോലികൾ തുടങ്ങിയത്.

ഭാരതീയ ജ്ഞാന കേന്ദ്ര പദവി പരിഗണിച്ചപ്പോൾ, കെട്ടിട അവശിഷ്ടങ്ങൾ ഉപയോഗിച്ച് പുതിയ നിർമിതികൾ നടത്തുന്നതിനെ സംബന്ധിച്ചു ഗവേഷണം ആരംഭിച്ചിരുന്നു. എഐസിടി നൽകിയ ഫണ്ട് ഉപയോഗിച്ചായിരുന്നു ഗവേഷണം. എന്നാൽ ഗവേഷണ ഫലം എഐസിടിക്കു കൈമാറുന്നതിനൊപ്പം ഹാബിറ്റാറ്റ് എന്ന സ്വകാര്യ സ്ഥാപനത്തിൻറെ ഉടമയും വാസ്തുവിദ്യാ ഗുരുകുലത്തിൻറെ ചെയർമാനുമായ ജി. ശങ്കറിനും കൈമാറണമെന്ന നിർദ്ദേശം ഗുരുകുലം ഡയറക്ടർ പ്രിയദർശൻ മുന്നോട്ടു വച്ചു.

സുരേഷ് ഇതിന് സമ്മതിക്കാതെ വന്നതോടെ അദ്ദേഹത്തിൻറെ 17 മാസത്തെ ശമ്പളം തടഞ്ഞുവച്ചു. ഇതോടെയാണ് കേന്ദ്ര സർക്കാർ ഭാരതീയ ജ്ഞാന കേന്ദ്ര പദവിയിൽ നിന്നും വാസ്തുവിദ്യാ കേന്ദ്രത്തെ ഒഴിവാക്കിയത്. സുരേഷിന് തുടർന്നും ഗവേഷണം നടത്താനും അനുമതി നൽകി.

# പൊതുമേഖലയെ ശക്തിപ്പെടുത്തുന്ന ഇടപെടലുകൾ ലക്ഷ്യം കണ്ടു: മുഖ്യമന്ത്രി

**തിരുവനന്തപുരം:** പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പ്രാധാന്യം നൽകി അവയെ ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാർ ഇടപെടലുകൾ ലക്ഷ്യം കണ്ടതായി മുഖ്യമന്ത്രി പിണറായി വിജയൻ. കൃത്യമായ പ്രവർത്തനങ്ങളിലൂടെയും ആവശ്യമായ നടപടികളിലൂടെയും മുൻപ് നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞു. 1,000 കോടി രൂപയുടെ വിറ്റുവരവ് ഉണ്ടാകുന്ന കമ്പനികളുടെ ഗണത്തിലേക്ക് കടന്ന കെൽട്രോൺ അനന്തമായ വികസന സാധ്യതകളുള്ള കെ എം എം എൽ ഉൾപ്പടെയുള്ള സ്ഥാപനങ്ങൾ മികച്ച മാതൃകകളാണ്. ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ഹോട്ടൽ ഹൈസിന്തിൽ സംഘടിപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ ശാക്തീകരണ ശില്പശാലയുടെ സമാപന യോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

പൊതുമേഖലാ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിന് സ്ഥാപനത്തിനുള്ളിൽ നിന്നും തന്നെ കൂട്ടായ പരിശ്രമം ആവശ്യമാണ്. ഉൽപ്പന്നങ്ങൾ ഫലപ്രദമായി മാർക്കറ്റ് ചെയ്യാനാകണം. സുതാര്യവും സംശുദ്ധവുമായ നടപടികൾ സ്ഥാപനത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും ഉറപ്പാക്കണം. റിക്രൂട്ട്മെന്റ് നടപടികൾ സമയബന്ധിതമായും നടപ്പിലാക്കണം. സ്ഥാപന മേധാവികൾ ആഭ്യന്തരമായ വിഷയങ്ങൾ കൃത്യമായി പരിഹരിച്ച് മുന്നോട്ട് പോകണമെന്നും പ്രവർത്തനങ്ങളിൽ പ്രൊഫഷണലിസം ഉണ്ടാകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ശില്പശാലയുടെ ഭാഗമായി സർക്കാരിന് സമർപ്പിക്കുന്ന നിർദ്ദേശങ്ങൾ പരിശോധിച്ച് നടപ്പിലാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി ഡോ. എ ജയതിലക് അധ്യക്ഷത വഹിച്ച ചടങ്ങിൽ പൊതുഭരണ, വ്യവസായ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറി കെ ആർ ജ്യോതിലാൽ മുഖ്യപ്രഭാഷണം നടത്തി. വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി ആനി ജൂലാ തോമസ്, ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഡയറക്ടർ മനോജ് എൻ കെ, ബോർഡ് ഓഫ് പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ ചെയർമാൻ അജിത് കുമാർ കെ, വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജിംഗ് ഡയറക്ടർമാർ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ തുടങ്ങിയവർ പങ്കെടുത്തു.

സംസ്ഥാനത്തെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന പൊതുമേഖല കമ്പനികളുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നതിനും ഭരണതലത്തിൽ ആവശ്യമായ ആശയങ്ങൾ വികസിപ്പിക്കുന്നതിനും ലക്ഷ്യമിട്ടാണ് ശില്പശാല സംഘടിപ്പിച്ചത്. ശില്പശാലയിലെ ആശയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് നയപരമായ മാറ്റങ്ങളും നിർദ്ദേശങ്ങളും അടങ്ങുന്ന കരട് രേഖ സർക്കാരിന് സമർപ്പിക്കും

# പ്രസ്റ്റീജ് ഹോട്ടൽ വെഞ്ച്വേഴ്സ് ലിമിറ്റഡ് ഐപിഒയ്ക്ക്

**കൊച്ചി:** പ്രസ്റ്റീജ് ഹോട്ടൽ വെഞ്ചേഴ്സ് ലിമിറ്റഡ് പ്രാഥമിക ഓഹരി വിൽപനയ്ക്ക് (ഐപിഒ) അനുമതി തേടി സെബിയ്ക്ക് കരടു രേഖ (ഡിആർഎച്ച്പി) സമർപ്പിച്ചു. ഇന്ത്യയിലെ ബിസിനസ്, വിനോദ സഞ്ചാരികൾക്കുള്ള ആഡംബര, ഉയർന്ന, ഇടത്തരം നിലവാരങ്ങളിലുള്ള ഹോസ്പിറ്റാലിറ്റിയിൽ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്ന ഹോസ്പിറ്റാലിറ്റി ആസ്തി ഉടമകളും ഡവലപ്പറുമായ കമ്പനി അഞ്ച് രൂപ മുഖവിലയുള്ള ഇക്വിറ്റി ഓഹരികളുടെ ഐപിഒയിലൂടെ 2,700 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. 1700 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും പ്രമോട്ടർമാരുടെ 1000 കോടി രൂപയുടെ ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജെഎം ഫിനാൻഷ്യൽ ലിമിറ്റഡ്, സിഎൽഎസ്എ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, ജെ.പി. മോർഗൻ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ്, കൊട്ടക് മഹീന്ദ്ര ക്യാപിറ്റൽ കമ്പനി ലിമിറ്റഡ് എന്നിവരാണ് ഐപിഒയുടെ ബുക്ക് റണ്ണിങ് ലീഡ് മാനേജർമാർ.

# ഇന്ത്യാ കേന്ദ്രീകൃത സേവനങ്ങൾ അവതരിപ്പിച്ച് ടിസിഎസ്

**കൊച്ചി:** ഐടി സേവനങ്ങൾ, കൺസൾട്ടിംഗ്, ബിസിനസ് സൊല്യൂഷനുകൾ എന്നിവയിലെ ആഗോള മുൻനിരക്കാരായ ടാറ്റ കൺസൾട്ടൻസി സർവീസസ് മൂന്ന് ഇന്ത്യ കേന്ദ്രീകൃത സേവനങ്ങൾ അവതരിപ്പിച്ചു. ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അടിസ്ഥാനമായുള്ള രാജ്യത്തിന്റെ പരിവർത്തനം ത്വരിതപ്പെടുത്തുന്നതിനായി രൂപകൽപ്പന ചെയ്ത ടിസിഎസ് സോവറിൻസെക്യുർ ക്ലൗഡ്, ടിസിഎസ് ഡിജിബോൾട്ട്, ടിസിഎസ് സൈബർ ഡിഫൻസ് സ്യൂട്ട് എന്നിവയാണ് പുതിയ സേവനങ്ങൾ. ഇന്ത്യയുടെ തനതായ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്ത നിരവധി സേവനങ്ങളുടെ തുടക്കമാണ് ഈ അവതരണമെന്ന് ടിസിഎസ് ഗ്രോത്ത് മാർക്കറ്റ്സ് പ്രസിഡൻറ് ഗിരീഷ് രാമചന്ദ്രൻ പറഞ്ഞു. ന്യൂഡൽഹിയിൽ നടന്ന ടിസിഎസിൻറെ 'ആക്സിലറേറ്റിംഗ് ഇന്ത്യ' പരിപാടിയിലാണ് പുതിയ സേവനങ്ങളുടെ അവതരണം നടന്നത്. ടിസിഎസ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും മാനേജിംഗ് ഡയറക്ടറുമായ കെ. കൃതിവാസൻ, ഗ്രോത്ത് മാർക്കറ്റ്സ് പ്രസിഡൻറ് ഗിരീഷ് രാമചന്ദ്രൻ, മുതിർന്ന ടിസിഎസ് ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

# ആക്സിസ് ബാങ്കിന് 26,373 കോടി രൂപയുടെ അറ്റാദായം

**കൊച്ചി:** ആക്സിസ് ബാങ്കിന്റെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ അറ്റാദായം ആറു ശതമാനം വർധിച്ച് 26,373 കോടി രൂപയിലെത്തി. ബാങ്കിന്റെ അറ്റ പലിശ വരുമാനവും ആറു ശതമാനം വർധിച്ച് 13,811 കോടി രൂപയിലെത്തിയിട്ടുണ്ട്. ബാങ്കിന്റെ കറണ്ട്, സേവിങ്സ് ബാങ്ക് വിഭാഗത്തിൽ ത്രൈമാസാടിസ്ഥാനത്തിൽ പത്തു ശതമാനം വർധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മാർച്ച് 31ലെ കണക്കു പ്രകാരം ബാങ്കിന്റെയാകെ നിഷ്ക്രിയ ആസ്തികൾ 1.28 ശതമാനത്തിലും അറ്റ നിഷ്ക്രിയ ആസ്തികൾ 0.33 ശതമാനത്തിലുമാണെന്ന് ആക്സിസ് ബാങ്ക് മാനേജിങ് ഡയറക്ടറും സിഇഒയുമായ അമിതാഭ് ചൗധരി പറഞ്ഞു.കഴിഞ്ഞ ത്രൈമാസത്തിൽ ഈ മേഖലയിലെ നിരവധി പുതിയ നീക്കങ്ങൾക്കും ബാങ്ക് തുടക്കം കുറിച്ചിരുന്നു. ഗിഫ്റ്റ് സിറ്റിയിലെ ഇന്റർനാഷണൽ ബാങ്കിംഗ് യൂണിറ്റ് വഴി എയർക്രാഫ്റ്റ് ഫിനാൻസിംഗ് ആരംഭിച്ചതും വാണിജ്യ ഉപഭോക്താക്കൾക്കായി ഏതാണ്ട് തൽക്ഷണമായിട്ടുള്ള പ്രോഗ്രാമബിൾ ഡോളർ ക്ലിയറൻസ് സംവിധാനം ഏർപ്പെടുത്തിയതും ഇതിൽ പെടുന്നു. പുതിയ സാമ്പത്തിക വർഷത്തിൽ പ്രവർത്തന സാഹചര്യങ്ങൾ മെച്ചപ്പെട്ടിട്ടുണ്ടെന്നും വളർച്ചയേയും ലാഭക്ഷമതയേയും അതു പിന്തുണയ്ക്കുമെന്നും അദ്ദേഹം പറഞ്ഞു.

# എസ്ബിഐ ലൈഫ് ഇൻഷൂറൻസിന് 35,577 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം

**കൊച്ചി:** മുൻനിര ലൈഫ് ഇൻഷൂറൻസ് സ്ഥാപനമായ എസ്ബിഐ ലൈഫ് 2025 മാർച്ച് 31ന് അവസാനിച്ച സാമ്പത്തിക വർഷത്തിൽ 35,577 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയം നേടി. മുൻ വർഷത്തെ അപേക്ഷിച്ച് 11 ശതമാനം വർധനവാണിത്. പരിരക്ഷാ വിഭാഗത്തിൽ 4095 കോടി രൂപയുടെ പുതിയ ബിസിനസ് പ്രീമിയമാണ് കൈവരിച്ചിട്ടുള്ളത്. പരിരക്ഷാ വിഭാഗത്തിലെ വ്യക്തിഗത പുതിയ ബിസിനസ് പ്രീമിയം 2025 മാർച്ച് 31 ന് അവസാനിച്ച വർഷത്തിൽ 793 കോടി രൂപയായി.

വ്യക്തിഗത പുതിയ ബിസിനസ് പ്രീമിയം 2024 മാർച്ച് 31 ന് അവസാനിച്ച മുൻ വർഷത്തേക്കാൾ 11% വളർച്ചയോടെ 26,360 കോടി രൂപയായി.കഴിഞ്ഞ വർഷത്തെ അറ്റാദായം 27 ശതമാനം വർദ്ധനവോടെ 2413 കോടി രൂപയാണ്. സോൾവൻസി നിരക്ക് 1.96 എന്ന മികച്ച നിലയിൽ തുടരുന്നുമുണ്ട്.

നിയന്ത്രണ മാനദണ്ഡങ്ങൾ പ്രകാരം ഇത് 1.50 എങ്കിലും ആയിരിക്കണം. എസ്ബിഐ ലൈഫ് കൈകാര്യം ചെയ്യുന്ന ആകെ ആസ്തികൾ 15 ശതമാനം വളർച്ചയോടെ 4,48,039 കോടി രൂപയിൽ എത്തിയിട്ടുണ്ട്.

# ബിപിഎൽ വിഭാഗത്തിനുള്ള കെ ഫോൺ കണക്ഷൻ: ഡാറ്റ ലിമിറ്റിൽ വർധന

**തിരുവനന്തപുരം:** കേരളത്തിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് സൗജന്യ അതിവേഗ ഇന്റർനെറ്റ് സേവനം നൽകുന്ന കെഫോൺ പദ്ധതിയിൽ ഡാറ്റാ ലിമിറ്റിൽ വർധനവ്. 20 എംബിപിഎസ് വേഗതയിൽ ഓരോ ദിവസവും 1.5 ജിബി വീതമായിരുന്ന ഇന്റർനെറ്റ് ഡാറ്റാ ലിമിറ്റ് 20 എംബിപിഎസ് വേഗതയിൽ ഒരു മാസത്തേക്ക് 1000 ജിബിയാക്കിയാണ് ഉയർത്തിയിരിക്കുന്നത്. ഇന്റർനെറ്റ് എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള ആദിവാസി മേഖലകളിലും ദ്വീപ് പ്രദേശങ്ങളിലുമുൾപ്പടെ സംസ്ഥാനത്താകെ 8099 ബിപിഎൽ കണക്ഷനുകളാണ് കെഫോൺ ഇതുവരെ സൗജന്യമായി നൽകിയിരിക്കുന്നത്.ബിപിഎൽ വിഭാഗത്തിലുള്ളവർക്ക് പുതിയ സൗജന്യ കെഫോൺ കണക്ഷനുകൾ ലഭ്യമാകുന്നതിനായി ഓൺലൈനായി അപേക്ഷിക്കാം. ഇതിനായി https://selfcare.kfon.co.in/ewsenq.php എന്ന ലിങ്കിലൂടെ അപേക്ഷകന്റെ വിവരങ്ങളും ആവശ്യമായ രേഖകളും സമർപ്പിച്ചുകൊണ്ട് സൗജന്യ ബിപിഎൽ കണക്ഷനായി അപേക്ഷിക്കാവുന്നതാണ്. റേഷൻ കാർഡ് ഉടമയുടെ പേരിലാണ് അപേക്ഷ നൽകുവാൻ സാധിക്കുക. കണക്ഷൻ ആവശ്യമുള്ള സ്ഥലം കൃത്യമായി മാപ്പിൽ മാർക്ക് ചെയ്യുവാനുള്ള സൗകര്യവും നൽകിയിട്ടുണ്ട്. കൂടാതെ 9061604466 എന്ന വാട്സാപ്പ് നമ്പറിലേക്ക് 'KFON BPL' എന്ന് ടൈപ്പ് ചെയ്ത് അയച്ചാൽ തുടർ നടപടികൾ വാട്സാപ്പിലൂടെയും ലഭ്യമാകും. അപേക്ഷകൾ ഓൺലൈനിൽ കൂടി മാത്രമേ സ്വീകരിക്കുകയുള്ളൂ. ആദ്യം അപേക്ഷിക്കുന്നവർക്ക് ആദ്യം എന്ന രീതിയിലായിരിക്കും സേവനങ്ങൾ നൽകുക. നിലവിൽ കെഫോൺ സേവനങ്ങൾ ലഭ്യമായിട്ടുള്ള പ്രദേശങ്ങൾക്ക് മുൻഗണനയുണ്ടാകും.ഇന്റർനെറ്റിന്റെ പരിധിയിൽ നിന്ന് ആരും മാറ്റിനിർത്തപ്പെടരുതെന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യം പൂർത്തീകരിക്കാനാണ് കെഫോൺ പരിശ്രമിക്കുന്നതെന്ന് പ്രിൻസിപ്പൽ സെക്രട്ടറിയും കെഫോൺ മാനേജിങ് ഡയറക്ടറുമായ ഡോ. സന്തോഷ് ബാബു ഐഎഎസ് പറഞ്ഞു. രാജ്യത്ത് ആദ്യമായി ഇന്റർനെറ്റ് മൗലിക അവകാശമായി പ്രഖ്യാപിച്ചത് നമ്മുടെ കേരളത്തിലാണ്. അപേക്ഷ പ്രകാരം സേവനം നൽകുന്നത് തുടരുകയാണെന്നും എല്ലാവരെയും ഡിജിറ്റലി സാക്ഷരരാക്കുന്നതിന് കെഫോൺ നേതൃത്വം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



# വർമ്മ ടൈഡ്: ശിലാസ്ഥാപനം നടത്തി

**കൊച്ചി:** കേരളത്തിലെ പ്രമുഖ ബിൽഡറായ വർമ്മ ഹോംസിന്റെ തിരുവനന്തപുരം ജഗതിയിലുള്ള വർമ്മ ടൈഡിന്റെ ശിലാസ്ഥാപനം നടത്തി. പ്രൊജക്ട് സൈറ്റിൽ നടന്ന ചടങ്ങിൽ പൂയം തിരുനാൾ ഗൗരിഭായി തമ്പുരാട്ടി ശിലാസ്ഥാപനം നിർവ്വഹിച്ചു. വർമ്മ ഹോംസ് മാനേജിംഗ് ഡയറക്ടർ കെ അനിൽ വർമ്മ, വൈസ് പ്രസിഡന്റ് വൈശാഖ് വർമ്മ, ജനറൽ മാനേജർ മാർക്കറ്റിംഗ് ആന്റ് കസ്റ്റമർ കെയർ സുരേഷ് ടി എസ്, ക്രെഡായ് കേരള കൺവീനർ ജനറൽ എസ് എൻ രഘുചന്ദ്രൻ നായർ, ക്രെഡായ് തിരുവനന്തപുരം പ്രസിഡന്റ് സുരേഷ് കുമാർ എസ്, പ്രൊജക്ട്സ് ജനറൽ മാനേജർ ബിന്ദു നൈനാൻ, കസ്റ്റമർ കെയർ സീനിയർ മാനേജർ അഞ്ജലി ഹരീഷ് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

# പ്യൂരാകാന് യൂറോപ്യൻ പുരസ്കാരം

**കൊച്ചി:** മാൻ കാൻകോർ വികസിപ്പിച്ചെടുത്ത കേശ സംരക്ഷണ പ്രകൃതിദത്ത ഉൽപ്പന്നം പ്യൂരാകാന് 23മത് യൂറോപ്യൻ ബിഎസ്ബി ഇന്നവേഷൻ പുരസ്കാരം. താരൻ പ്രതിരോധിക്കാൻ ശേഷിയുള്ള പ്യൂരാകാന് ഫലപ്രാപ്തി നൽകുന്ന പ്രകൃതിദത്ത ഉൽപ്പന്നങ്ങളുടെ വിഭാഗത്തിലാണ് അവാർഡ് ലഭിച്ചതെന്ന് മാൻ കാൻകോർ സിഇഒയും എക്സി.ഡയറക്ടറുമായ ഡോ.ജീമോൻ കോര പറഞ്ഞു. സൗന്ദര്യവർദ്ധക, പേഴ്സണൽ കെയർ ഉത്പന്ന നിർമ്മാണ മേഖലയിൽ 2003 മുതൽ നൽകിവരുന്ന പ്രമുഖ ബഹുമതിയാണ് ബിഎസ്ബി ഇന്നവേഷൻ. അസംസ്കൃത വസ്തുക്കൾ, പ്രായോഗിക ആശയങ്ങൾ, വ്യാവസായിക പ്രക്രിയകൾ തുടങ്ങിയ വിഭാഗങ്ങളിൽ നവീകരണം, സുസ്ഥിരത, കാര്യപ്രാപ്തി എന്നിവയിലൂന്നിയുള്ള മുൻനിര ഗവേഷണത്തിനും വികസനങ്ങൾക്കുമാണ് പുരസ്കാരം നൽകുന്നത്. ഗവേഷണം, നൂതന സാങ്കേതികവിദ്യ, ക്ലിനിക്കൽ പഠനങ്ങൾ എന്നിവയിലൂടെ വികസിപ്പിച്ചെടുത്ത പ്യൂരാകാന് പേറ്റന്റും ലഭിച്ചിട്ടുണ്ട്. ശിരോചർമ്മ സംരക്ഷണത്തിന് പുതിയ മാനം നൽകുന്ന ഉത്പന്നം, പ്രകൃതിദത്ത ചേരുവകൾ ഉപയോഗിച്ചാണ് നിർമ്മിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

# കൃതി സനോൻ ഡ്രീം ടെക്നോളജി ബ്രാൻഡ് അംബാസിഡർ




**കൊച്ചി:**സ്മാർട്ട് ഹോം ടെക്നോളജി ഉപകരണ രംഗത്തെ പ്രമുഖ കമ്പനിയായ ഡ്രീം ടെക്നോളജിയുടെ ആദ്യ ഇന്ത്യൻ ബ്രാൻഡ് അംബാസഡറായി ബോളിവുഡ് നടി കൃതി സനോനെ നിയമിച്ചു. ദൈനംദിന ഗാർഹിക ജോലികളിൽ സൗകര്യവും കാര്യക്ഷമതയും വർധിപ്പിക്കാൻ ലക്ഷ്യമിട്ട് രൂപകൽപ്പന ചെയ്യുന്ന ഡ്രീം ടെക്നോളജി ഉൽപ്പന്നങ്ങൾ കൃതിയുമായുള്ള സഹകരണത്തോടെ പുതിയ തലങ്ങളിലേക്ക് കടക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ഡ്രീം ഇന്ത്യ മാനേജിംഗ് ഡയറക്ടർ മനു ശർമ്മ പറഞ്ഞു.

ആധുനികതയും സൗകര്യങ്ങളും സമന്വയിപ്പിക്കുക എന്ന തന്റെ വീക്ഷണത്തെ പ്രതിഫലിപ്പിക്കുന്ന ഡ്രീം ടെക്നോളജിയുടെ ഭാഗമാകാൻ കഴിഞ്ഞതിൽ സന്തോഷമുണ്ടെന്ന് കൃതി സനോൻ പറഞ്ഞു.




# എസ്എംഇ ഐപിഒ കോൺക്ലേവ് നടത്തി

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച്, ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച്, അസോസിയേഷൻ ഓഫ് ഇൻവെസ്റ്റ്മെന്റ് ബാങ്കേഴ്സ് ഓഫ് ഇന്ത്യ എന്നിവയുടെ നേതൃത്വത്തിൽ എസ്എംഇ ഐപിഒകളെക്കുറിച്ച് കോൺക്ലേവ് സംഘടിപ്പിച്ചു. റാഡിസൺ ബ്ലൂ ഹോട്ടലിൽ നടന്ന പരിപാടി സെബി മുഴുവൻ സമയ അംഗം അശ്വനി ഭാട്ടിയ ഉദ്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേർഡ് അക്കൗണ്ടന്റ്സ് ഓഫ് ഇന്ത്യ സെൻട്രൽ കൗൺസിൽ അംഗം ബാബു എബ്രഹാം കല്ലിവയലിൽ, അസോസിയേഷൻ ഓഫ് ഇൻവെസ്റ്റ്മെന്റ് ബാങ്കേഴ്സ് ഓഫ് ഇന്ത്യ സിഇഒ ഡോ. മിലിന്ദ് ദാൽവി, സെബി സിജിഎം ദീപ് മണി ഷാ, സെബി ജിഎം ജിതേന്ദ്ര കുമാർ, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് സിആർഒ അങ്കിത് ശർമ്മ എന്നിവർ സംസാരിച്ചു. 'പൊതു മൂലധന വിപണികളിലെ എസ്എംഇകൾക്കുള്ള വിജയ ഘടകങ്ങൾ' എന്ന വിഷയത്തിൽ നടന്ന പാനൽ ചർച്ചയിൽ ബോംബെ സ്റ്റോക്ക് എക്സ്ചേഞ്ച് ലിസ്റ്റിംഗ് ആന്റ് എസ്എംഇ ഹെഡ് രാധ കീർത്തിവാസൻ, നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് എസ്എംഇ ബിസിനസ് ഡവലപ്മെന്റ് എവിപി പാർവതി മൂർത്തി, സിഎഫ്എംഐപി, ഐസിഎഐ സെൻട്രൽ കമ്മിറ്റി അംഗവും ചെയർമാനുമായ ദുർഗേഷ് കുമാർ കബ്ര, അസോസിയേഷൻ ഓഫ് ഇൻവെസ്റ്റ്മെന്റ് ബാങ്കേഴ്സ് ഓഫ് ഇന്ത്യ സിഇഒ ഡോ. മിലിന്ദ് ദാൽവി എന്നിവർ പങ്കെടുത്തു. ഗ്രേടെക്സ് കോർപ്പറേറ്റ് സർവീസസ് ലിമിറ്റഡിന്റെ എംഡി അലോക് ഹർലാൽക്ക പ്രസന്റേഷൻ നടത്തി. ദയാനിവാസ് ശർമ്മ പ്രാഥമിക വിപണികളിലെ സിഎ പ്രൊഫഷണലുകൾക്കുള്ള അവസരങ്ങൾ എന്ന വിഷയത്തിൽ സംസാരിച്ചു.ഐപിഒയിൽ പങ്കെടുക്കുന്നതിലൂടെ എസ്എംഇകളിലെ നിക്ഷേപ അവസരങ്ങളെയും എസ്എംഇകൾക്കുള്ള നേട്ടങ്ങളെയും കുറിച്ച് പൊതുജന അവബോധം വളർത്തുകഎന്നതാണ് പരിപാടിയുടെ ലക്ഷ്യം.

# പഹൽഗാമിലെ ഇരകൾക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് എൻ എസ് ഇ

**കൊച്ചി** : ജമ്മു കശ്മീരിലെ പഹൽഗാമിൽ നടന്ന ദാരുണമായ ഭീകരാക്രമണത്തിന്റെ ഇരകളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ച് ഓഫ് ഇന്ത്യ (എൻഎസ്ഇ) ഏപ്രിൽ 22 ന് നടന്ന അക്രമത്തിൽ ജീവൻ നഷ്ടപ്പെട്ടവരുടെ കുടുംബങ്ങളെ പിന്തുണയ്ക്കുന്നതിനായി ഒരു കോടി രൂപ (ഒരു കുടുംബത്തിന് ഏകദേശം 4 ലക്ഷം രൂപ) വാഗ്ദാനം ചെയ്തു. ദുഃഖത്തിന്റെയും പ്രതിസന്ധിയുടെയും ഈ സമയത്ത് എൻഎസ്ഇ രാജ്യത്തിനൊപ്പം നിൽക്കുന്നതിയായി വ്യക്തമാക്കി. രാജ്യത്തിന് ഇതു ദുഃഖത്തിന്റെ നിമിഷമാണിതെന്ന് എൻഎസ്ഇ എംഡിയും സിഇഒയുമായ ആശിഷ് കുമാർ ചൗഹാൻ പറഞ്ഞു. ഞങ്ങളുടെ ചിന്തകളും പ്രാർത്ഥനകളും ദുരിതബാധിത കുടുംബങ്ങളോടൊപ്പമാണ്, സാധ്യമായ എല്ലാ രീതിയിലും അവർക്ക് പിന്തുണ നൽകുമെന്ന് ആശിഷ് കുമാർ ചൗഹാൻ അറിയിച്ചു.

# ഒബെൻ ഇലക്ട്രിക് പ്രൊട്ടക്റ്റ് 8/80 പ്ലാൻ അവതരിപ്പിച്ചു

**കൊച്ചി :** ഇന്ത്യയിലെ മുൻനിര തദ്ദേശീയ ഗവേഷണ വികസന അധിഷ്ഠിത ഇലക്ട്രിക് മോട്ടോർസൈക്കിൾ നിർമ്മാതാക്കളായ ഒബെൻ ഇലക്ട്രിക്, പ്രൊട്ടക്റ്റ് 8/80 പ്ലാൻ അവതരിപ്പിച്ചു. മെയ് ഒന്നു മുതൽ, 9,999 എന്ന താങ്ങാവുന്ന വിലയിൽ 8 വർഷം അല്ലെങ്കിൽ 80,000 km കവറേജ് വാഗ്ദാനം ചെയ്യുന്ന ഈ സമഗ്ര ബാറ്ററി വാറന്റി, പ്രയോജനപ്പെടുത്താൻ ഉപഭോക്താക്കൾക്ക് അവസരം ലഭിക്കുമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി.




# തൃശൂരിൽ വേദാന്ത സീനിയർ ലിവിംഗിന്റെ വേദാന്ത ഗ്രീൻ മെഡോസ്

**തൃശൂർ:** തൃശൂർ അത്താണിയിൽ വയോജനങ്ങൾക്കായി വേദാന്ത ഗ്രീൻ മെഡോസ് എന്ന പേരിൽ പ്രീമിയം ലിവിംഗ് കമ്മ്യൂണിറ്റി പ്രഖ്യാപിച്ച് വേദാന്ത സീനിയർ ലിവിംഗ്. അജു ചെറുകര മാത്യുവിന്റെ ഗ്രീൻ മെഡോ കമ്മ്യൂണിറ്റിയുടെ പങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. റെറ സർട്ടിഫൈഡ് പ്രൊജക്ടായ വേദാന്ത ഗ്രീൻ മെഡോസിൽ

ക്ലബ് ഹൗസ്, കഫറ്റീരിയ, പാരാമെഡിക്കൽ, ഫിസിയോതെറാപ്പി സ്റ്റാഫുകളുള്ള മെഡിക്കൽ സെന്റർ, ഇൻ ഹൗസ് തിയേറ്റർ, ലൈബ്രറി, ജിം, മനോഹരമായ ലാൻഡ്സ്കേപ്പുള്ള ചുറ്റുപാടുകൾ എന്നിങ്ങനെ മുതിർന്നവരെ സജീവമാക്കി നിറുത്താനുള്ളതെല്ലാം തന്നെയുണ്ടെന്ന് വേദാന്ത സീനിയർ ലിവിംഗ് ഡയറക്ടർ രാഹുൽ സബർവാൾ പറഞ്ഞു.ഉടമസ്ഥതാ മാതൃകയിലുള്ള ഈ വീടുകൾ പൂർണ്ണമായും വേദാന്ത പരിപാലിക്കും.പ്രായമായവരുടെ ഭക്ഷണ ആവശ്യങ്ങൾക്കനുസൃതമായി പുതുതായി തയ്യാറാക്കിയതും ശുചിത്വമുള്ളതുമായ ഭക്ഷണം വിളമ്പാൻ ഓൺസൈറ്റ് കഫറ്റീരിയയിൽ പ്രത്യേകം വെജിറ്റേറിയൻ, നോൺവെജിറ്റേറിയൻ അടുക്കളകൾ സജ്ജീകരിച്ചിട്ടുണ്ട്. താമസക്കാർക്ക് അവരുടെ ഇഷ്ടാനുസരണം സ്വന്തം അടുക്കളകളിൽ പാചകം ചെയ്യുകയോ റൂം സർവീസ് ആസ്വദിക്കുകയോ അല്ലെങ്കിൽ സഹതാമസക്കാരോടൊപ്പം ഭക്ഷണം കഴിക്കുകയോ ചെയ്യാം. ഇവിടെ എല്ലാ വീടുകളും നന്നായി പരിപാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഒരു ഹൗസ് കീപ്പിംഗ് ടീമുണ്ട്. ദിവസേനയുള്ള വൃത്തിയാക്കലിന് പുറമെ മാസത്തിൽ ഡീപ് ക്ലീനിംഗും അവർ നടത്തും.ജോലിയിൽ നിന്ന് വിരമിച്ചതിന് ശേഷവും വ്യക്തികൾക്ക് അവരുടെ ജീവിതം മെച്ചപ്പെടുത്തുന്ന ഒരിടം സൃഷ്ടിക്കാനാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്. ക്ഷേമം, സുഖം, സൗഹൃദം എന്നിവ അടിസ്ഥാനമാക്കിയാണ് ഈ റിട്ടയർമെന്റ് കമ്മ്യൂണിറ്റി രൂപകൽപ്പന ചെയ്തിരിക്കുന്നത്. സമാന ചിന്താഗതിക്കാരുടെ കൂട്ടായ്മയിൽ സജീവവും സംതൃപ്തവുമായ ജീവിതം നയിക്കാൻ ഇതിലൂടെ മുതിർന്ന പൗരന്മാർക്ക് കഴിയുമെന്നും രാഹുൽ സബർവാൾ വ്യക്തമാക്കി.മനോഹരമായി ലാൻഡ്സ്കേപ്പ് ചെയ്ത 37 വില്ലകളാണ് ഈ കമ്മ്യൂണിറ്റിയിൽ ഉള്ളത്. പ്രീമിയം, ഡീലക്സ് ഫോർമാറ്റുകളിലായി ഇവ ലഭ്യമാണ്. വില 65 ലക്ഷം (പ്രീ രജിസ്ട്രേഷൻ). വാസ്തു അനുസരിച്ച് നിർമ്മിച്ച ഈ വീടുകളിൽ മുതിർന്നവരുടെ സുരക്ഷയ്ക്കായി ആന്റിസ്കിഡ് ഫ്ളോറിംഗും സപ്പോർട്ടീവ് റെയിലിംഗുകളുമുണ്ട്. തുറന്ന ടെറസുകൾ, വിശാലമായ കിടപ്പുമുറികൾ, മികച്ച വായുസഞ്ചാരം എന്നിവ എല്ലാ വില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്. പ്രത്യേക നടപ്പാതകളും പുറത്ത് ഇരിപ്പിടങ്ങളും സജ്ജീകരിച്ചിട്ടുണ്ടെന്ന് വേദാന്ത സീനിയർ ലിവിംഗ് ഡയറക്ടർ ശ്രേയ ആനന്ദ് പറഞ്ഞു.ഡയറക്ടർ ഓഫ് ഓപ്പറേഷൻസ് കെ ബി ബാബു, കേരള ആൻഡ് കോയമ്പത്തൂർ ബിസിനസ്സ് ഹെഡ് കെ സി റാവു, ഗ്രീൻ മെഡോസ് ടൗൺഷിപ്പ് ഡെവലപ്പേഴ്സ് അജു ചെറുകര മാത്യു തുടങ്ങിയവരും വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# സിഫ്റ്റ് സ്ഥാപകദിനാഘോഷം
# വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കുമായി സിഫ്റ്റ് തുറന്നിടും

**കൊച്ചി:** മത്സ്യമേഖലയിലെ സാങ്കേതികവിദ്യകളും അറിവുകളും കൂടുതൽ ജനീകയമാക്കാൻ കേന്ദ്ര മൽസ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐ സി എ ആർ സിഫ്ട് ഏപ്രിൽ 29 ന് പൊതുജനങ്ങൾക്ക് സന്ദർശിക്കാൻ അവസരം. സിഫ്റ്റിന്റെ 68 ാമത് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായാണ് ഓപ്പൺ ഹൗസ് പ്രദർശനം നടത്തുന്നത്. കഴിഞ്ഞ 67 വർഷത്തിനിടയിൽ മത്സ്യ വിളവെടുപ്പ്, മൽസ്യസംസ്കരണം, പാക്കേജിംഗ്, ഗുണനിലവാര ഉറപ്പ്, മൂല്യവർധിത മൽസ്യ ഉല്പന്നങ്ങൾ, മത്സ്യ മാലിന്യ വിനിയോഗം എന്നീ മേഖലകളിൽ സിഫ്റ് ശ്രദ്ധേയമായ ശാസ്ത്രീയ സംഭാവനകൾ നൽകിയിട്ടുണ്ട്.

സിഫ്റ്റിലെ ഓരോ ഡിവിഷനുകളിലെ നൂതന സാങ്കേതികവിദ്യകൾ, ഉപകരണങ്ങൾ തുടങ്ങിയവ ഓപ്പൺ ഹൗസിൽ സന്ദർശിക്കാം. കർഷകർ, മത്സ്യത്തൊഴിലാളികൾ, മത്സ്യമേഖലയിൽ പ്രവർത്തിക്കുന്ന സ്വയംസഹായക സംഘങ്ങൾ, മത്സ്യപ്രേമികൾ, സംരംഭകർ തുടങ്ങി എല്ലാവർക്കും സ്ഥാപകദിനത്തിൽ സിഫ്ട് സന്ദർശിക്കാം. വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും. സിഫ്റ്റിന്റെ ഗവേഷണമേഖലകൾ അടുത്തറിയാനും സംശയനിവാരണത്തിനും പ്രദർശനം പ്രയോജനപ്പെടും. രാവിലെ 9.30 മുതൽ ഉച്ചക്ക് ഒരു മണി വരെയാണ് ഓപ്പൺ ഹൗസിന്റെ സമയം. പ്രവേശനം സൗജന്യമാണ്.

കൂടാതെ അന്നേദിവസം തന്നെ സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി ചിത്രരചനാ മത്സരവും ഉപന്യാസ മത്സരവും സംഘടിപ്പിക്കുന്നുണ്ട്. മത്സരത്തിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ സിഫ്റ്റിന്റെ വെബ്സൈറ്റ് വഴി രജിസ്റ്റർ ചെയ്യുക. ഏപ്രിൽ 27 വരെയാണ് രജിസ്ട്രേഷൻ സമയം. കൂടുതൽ വിവരങ്ങൾക്ക് 9895479974




# തിരുവനന്തപുരം ലുലു മാളിൽ ഇന്ത്യൻ ഗാരേജ് കമ്പനിയുടെ പുതിയ സ്റ്റോർ




**തിരുവനന്തപുരം:** ഇന്ത്യയിലെ മുൻനിര ഫാസ്റ്റ് ഫാഷൻ ഡി 2 സി ബ്രാൻഡുകളിലൊന്നായ ഇന്ത്യൻ ഗാരേജ് കമ്പനി ഏപ്രിൽ 26, 27 തീയതികളിൽ തിരുവനന്തപുരം ലുലു മാളിൽ ഏറ്റവും പുതിയ സ്റ്റോർ തുറക്കുന്നു. കൊച്ചി ലുലു മാൾ, പൂനെ അമനോര മാൾ എന്നിവിടങ്ങളിൽ സ്റ്റോറുകൾ ആരംഭിച്ച ശേഷമാണ് ഇന്ത്യൻ ഗാരേജ് തിരുവനന്തപുരത്തെത്തുന്നത്.ഇന്ത്യൻ ഗാരേജ് കമ്പനി സ്റ്റോറിന്റെ ഉദ്ഘാടനം ലുലു മാൾ ജനറൽ മാനേജർ ശ്രീലേഷ് ശശിധരൻ നിർവഹിക്കും. ഉദ്ഘാടനത്തോടനുബന്ധിച്ച് ഇന്ത്യൻ ഗാരേജ് കമ്പനി ഏപ്രിൽ 26, 27 തീയതികളിൽ തിരുവനന്തപുരം ലുലു മാളിൽ ഫാഷൻ ഫെൻസി സെയിൽ സംഘടിപ്പിക്കുന്നു. രണ്ട് ദിവസം നീണ്ടുനിൽക്കുന്ന ഈ ഷോപ്പിംഗ് മാമാങ്കത്തിൽ കേരളത്തിലെ ഫാഷൻ പ്രേമികൾക്ക് സമാനതകളില്ലാത്തതും ആകർഷകവുമായ ഓഫറുകളിൽ ഉൽപ്പന്നങ്ങൾ സ്വന്തമാക്കാം. ഉപഭോക്താക്കൾക്ക് ഈ രണ്ട് ദിവസം 799 രൂപയിൽ കുറവുള്ള എല്ലാ ഉൽപ്പന്നങ്ങളും 70% ഫ്ളാറ്റ് ഡിസ്കൗണ്ടിൽ ലഭിക്കുമെന്ന് ദി ഇന്ത്യൻ ഗാരേജ് കമ്പനിയുടെ സ്ഥാപകനും സിഇഒയുമായ അനന്ത് ടാൻടെഡ് പറഞ്ഞു.ഏപ്രിൽ 26 ന് ആദ്യത്തെ 100 ഉപഭോക്താക്കൾക്ക് 1000 രൂപ വിലമതിക്കുന്ന സൗജന്യ ഷോപ്പിംഗ് നേടാൻ അവസരമുണ്ടെന്നും അനന്ത് ടാൻടെഡ് പറഞ്ഞു. ഇന്ത്യൻ ഗാരേജ് കമ്പനിയുടെ ശേഖരങ്ങൾ www.TIGC.in വഴിയും മിന്ത്ര, അജിയോ, ആമസോൺ, ഫ്ലിപ്കാർട്ട്, സ്നാപ്ഡീൽ, യു എഇ ആസ്ഥാനമായുള്ള നൂൺ എന്നിവയുൾപ്പെടെയുള്ള പ്രമുഖ ഇകൊമേഴ്സ് പ്ലാറ്റ്ഫോമുകളിലൂടെയും ഓൺലൈനിൽ ലഭ്യമാണ്.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com